**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1604** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയ്ക്കാണ് 2022 നവംബർ 1 ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെ ആകെ 8 ഘട്ടങ്ങളിലായാണ് 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പൂഞ്ഞാർ നടുഭാഗം വില്ലേജിനെ ഡിജിറ്റൽ റീസർവെയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് വില്ലേജുകളെ തുടർന്നുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ ചെയ്യുന്നതാണ്. |
| (ബി) | ഡിജിറ്റൽ റീസർവ്വേയുടെ രണ്ടാം ഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പൂഞ്ഞാർ നടുഭാഗം വില്ലേജ് ഡിജിറ്റൽ റീസർവെയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ